# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

21.03.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1358

## ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണ സമിതികൾ പിരിച്ചുവിട്ട നടപടി

**ചോദ്യം**

ശ്രീ. എ. കെ. ബാലൻ
ശ്രീ. എം. ഹംസ
ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീ. എ. പ്രദീപ്കുമാർ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണ സമിതികൾ സർക്കാർ പിരിച്ചുവിടുകയുണ്ടായോ;

(എ) കേരള സഹകരണ നിയമത്തിൽ നിയമ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച 18/2012 നമ്പർ ഓർഡിനൻസ് പ്രകാരം 13 ജില്ലാ സഹകരണ ബാങ്കുകളുടെ നിലവിലുള്ള ഭരണ സമിതികൾ ഇല്ലാതായി.

(ബി) ഭരണ സമിതികളിൽ എന്നു മുതലാണ് അഡ്മിനിസ്ട്രേറ്റർ ഭരണം നിലവിൽ വന്നത്;

(ബി) അഡ്മിനിസ്ട്രേറ്റർ ഭരണം നിലവിലുണ്ടായിരുന്ന വയനാട് ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളിൽ 13.02.2012 മുതലാണ് അഡ്മിനിസ്ട്രേറ്റർ ഭരണം നിലവിൽ വന്നത്.

(സി) പിരിച്ചുവിടപ്പെട്ട ഭരണ സമിതികളുടെ കാലാവധി എന്നുവരെയുണ്ടായിരുന്നു;

(സി) ഭരണ സമിതികൾ ഇല്ലാതായ ജില്ലാ ബാങ്കുകളുടെ കാലാവധി ചുവടെ പരാമർശിക്കുന്ന തീയതി വരെയാണ് നിലവിലുണ്ടായിരുന്നത്.

| | |
|---|---|
| തിരുവനന്തപുരം | 01.05.2013 വരെ |
| കൊല്ലം | 20.06.2013 വരെ |
| പത്തനംതിട്ട | 16.06.2013 വരെ |
| ആലപ്പുഴ | 03.05.2013 വരെ |
| കോട്ടയം | 03.05.2013 വരെ |
| ഇടുക്കി | 18.06.2013 വരെ |

| | |
|---|---|
| എറണാകുളം | 02.05.2013 വരെ |
| തൃശ്ശൂർ | 03.05.2013 വരെ |
| പാലക്കാട് | 23.07.2013 വരെ |
| മലപ്പുറം | 04.05.2013 വരെ |
| കോഴിക്കോട് | 02.05.2013 വരെ |
| കണ്ണൂർ | 30.06.2013 വരെ |
| കാസർഗോഡ് | 03.05.2013 വരെ |

(ഡി) ഓർഡിനൻസ് വഴി ഭരണ സമിതികൾ പിരിച്ചുവിടാനുള്ള അടിയന്തിര സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ; നിർദ്ദിഷ്ട കേന്ദ്ര നിയമത്തിന് വിരുദ്ധമാണിതെന്ന് അറിയാമോ;

(ഡി) കേരള സഹകരണ നിയമത്തിൽ ഭേദഗതി വരുത്തി നിലവിൽവന്ന ഓർഡിനൻസിൽ ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണ സമിതികളുടെ ഘടനയിൽ മാറ്റം വരുകയും എല്ലാ അംഗസംഘങ്ങളുടെയും പ്രാതിനിധ്യം ഭരണ സമിതിയിൽ ഉറപ്പാക്കുകയും, നിക്ഷേപ സംഘം പ്രതിനിധികൾക്കും, ബാങ്കിംഗ്/പ്രൊഫഷണൽ മേഖലകളിൽ പരിചയവും, വൈദഗ്ദ്യവും ഉള്ളവർക്കും ഭരണ സമിതിയിൽ സീറ്റ് സംവരണം ചെയ്യുകയുണ്ടായി. ഓർഡിനൻസിലെ വ്യവസ്ഥകൾ കേന്ദ്ര നിയമത്തിന് വിരുദ്ധമല്ല.

(ഇ) ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണ സമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുക എന്നത് ഈ സർക്കാരിന്റെ നയമാണോ?

(ഇ) അല്ല

സെക്ഷൻ ഓഫീസർ